പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2082 **26-10-2026-ൽ മറുപടിയ്ക്ക്**

മാവേലി സ്റ്റോറുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. അനുപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) അവശ്യസാധനങ്ങളുടെ വിലനിലവാരം സുസ്ഥിരമായി നിലനിർത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: അവശ്യസാധനങ്ങളുടെ വിലനിലവാരം സുസ്ഥിരമായി നിലനിർത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതു വിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. വിപണിയിലെ വിലനിലവാരം വിലയിരുത്തുന്നതിനും സർക്കാരിന് നയപരമായ ശുപാർശകൾ നല്കുന്നതിനുമായി Centre for Price Research Kerala പ്രവർത്തിച്ചുവരുന്നു. കൂടാതെ, അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി ഒരു Price Monitoring Cell സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയ രൂപീകരണത്തിനായി 14 ജില്ലകളിൽ നിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും റിപ്പോർട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖേന കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്തു വരുന്നു. അനിയന്ത്രിതമായ വിലക്കയറ്റം തടയുന്നതിന് വേണ്ടി വിപണി ഇടപെടലിൻറെ ഭാഗമായി സപ്ലൈകോ മുഖേനയും പദ്ധതികൾ നടപ്പിലാക്കുന്നു.

- 13 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പന: പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപനശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ 20% മുതൽ 35% വരെ വിലക്കുറവിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡുകാർക്കും നിശ്ചിത അളവിൽ വിതരണം ചെയ്യുന്നു. നിലവിൽ പ്രതിമാസം കുറഞ്ഞത് 30 ലക്ഷത്തോളം കുടുംബങ്ങൾക്ക് ഈ സബ്സിഡി സ്കീം വഴി പ്രയോജനം ലഭിക്കുന്നുണ്ട്.
- സബ്സിഡി സാധനങ്ങൾക്ക് പുറമെ 20 കിലോ OMSS അരി കിലോയ്ക്ക് 27 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.
- FSSR നിരക്കിലുള്ള വിൽപ്പന: സബ്സിഡി നിരക്കിൽ നിശ്ചിത അളവിലുള്ള വിൽപ്പനയ്ക്ക് പുറമേ അരിയും പയറുവർഗ്ഗങ്ങളും ഉൾപ്പെടെ 44 ഇനം സാധനങ്ങൾ 5% മുതൽ 35% വരെ വിലക്കുറവിൽ

(FSSR നിരക്കിൽ) ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഈ നിരക്കിൽ വാങ്ങുന്നതിന് റേഷൻ കാർഡ് ആവശ്യമില്ല.

- സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കർശന പരിശോധനകൾക്ക് ശേഷം പൊതുവിപണിയേക്കാൾ 15% മുതൽ 35% വരെ വിലക്കുറവിൽ വിറ്റുവരുന്നു. 'ശബരി' ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നത്തിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.
- ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് (FMCG) വിഭാഗത്തിലെ സാധനങ്ങളും പൊതുവിപണിയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് വർഷം മുഴുവൻ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സപ്ലൈകോ മെഡിക്കൽ ഷോപ്പുകൾ വഴി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നുണ്ട്. ഇൻസുലിൻ MRP യിൽനിന്ന് 20% മുതൽ 24% വരെ വിലക്കുറവിലും മറ്റ മരുന്നുകൾ MRP യിൽനിന്ന് 13% മുതൽ 25% വരെ വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു. ഓരോ പ്രദേശത്തെയും ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നത്തിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) നിലവിലെ വിപണി ഇടപെടലുകൾ അപര്യാപ്തമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ ഫലപ്രദമായ വിപണി ഇടപെടലുകൾ നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കാമോ;

മറുപടി: നിലവിലെ വിപണി ഇടപെടലുകൾ അപര്യാപ്തമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫലപ്രദമായ വിപണി ഇടപെടലുകൾ ആണ് ഇപ്പോൾ നടത്തി വരുന്നത്.

(സി) ഈ സർക്കാരിന്റെ കാലത്ത് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ തടസ്സങ്ങളോ ക്രമക്കേടുകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഈ പരാതികളിലും കണ്ടെത്തലുകളിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഈ സർക്കാരിന്റെ കാലത്ത് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ തടസ്സങ്ങളോ ക്രമക്കേടുകളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി സാധനങ്ങളുടെ വിതരണത്തിലെ തടസ്സങ്ങളോ ക്രമക്കേടുകളുമായോ ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) മാവേലി സ്റ്റോറുകളിലെ സബ്സിഡി സാധനങ്ങളും ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് വിഭാഗത്തിലെ സാധനങ്ങളും ഉപഭോക്താക്കൾക്ക് വർഷം മുഴുവൻ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: മാവേലി സ്റ്റോറുകളിലെ സബ്സിഡി സാധനങ്ങളും ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് വിഭാഗത്തിലെ സാധനങ്ങളും ഉപഭോക്താക്കൾക്ക് വർഷം മുഴുവൻ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി സപ്ലൈകോ വഴി കൂടുതൽ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ വഴി വിൽപ്പന നടത്തി വരുന്ന സബ്സിഡി ഉൽപ്പന്നങ്ങൾക്ക് പുറമേ സബ്സിഡിയിതര ഉൽപ്പന്നങ്ങളും കൂടുതൽ എത്തിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ "ശബരി" ബ്രാൻഡിൽ റവ, മൈദ മുതലായ ഉൽപ്പന്നങ്ങൾ ഈ ഓണത്തോടനുബന്ധിച്ച് പുറത്തിറക്കുകയുണ്ടായി. പ്രമുഖ ബ്രാൻഡ് FMCG ഉൽപ്പന്നങ്ങളും കൂടുതലായി സപ്ലൈകോ വിൽപ്പന ശാലകളിൽ എത്തിക്കുവാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. സപ്ലൈകോ വിൽപ്പന ശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ് എം സി ജി കമ്പനികളുടെ 350 ലധികം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകിയിരുന്നു.

സെക്ഷൻ ഓഫീസർ